**എൻസിഎ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം**
**കാറ്റഗറി നമ്പർ : 423/2022**
**അഞ്ചാം എൻ.സി.എ. വിജ്ഞാപനം**

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരളത്തിലെ **ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇൻഡ്യൻ** സംവരണ സമുദായത്തിൽപ്പെടുന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും 'ഒറ്റത്തവണ രജിസ്ട്രേഷൻ' പദ്ധതി പ്രകാരം ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു.

1. **വകുപ്പ്** : ആരോഗ്യം

2. **ഉദ്യോഗപ്പേര്** : ജൂനിയർ കൺസൾട്ടന്റ് (ഒബ്സ്റ്റട്രിക്സ് ആന്റ് ഗൈനക്കോളജി)

3. **ശമ്പളം** : **₹ 63,700-1,23,700/-( ₹ 9900/-sp)**

4. **ഒഴിവുകളുടെ എണ്ണം** : **ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇന്ത്യൻ -01(ഒന്ന്)**

മുകളിൽ സൂചിപ്പിച്ച ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക ഈ തസ്തികയുടെ 29.03.2011 തീയതിയിൽ നിലവിൽ വന്ന മാതൃറാങ്ക്പട്ടികയുടെ, (ഗസറ്റ് തീയതി 27.10.2010, Cat. No:282/2010)കാലയളവിൽ **ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇന്ത്യൻ ,** സംവരണ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശയും നിയമനവും നടക്കുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

| എൻ.സി.എ | കാറ്റഗറി നമ്പർ | ഗസറ്റ് തീയതി |
|---|---|---|
| I | 718/2012 | 31.12.2012 |
| II | 579/2015 | 29.12.2015 |
| III | 430/2019 | 30.12.2019 |
| IV | 102/2021 | 03.04.2021 |

മേൽ സൂചിപ്പിച്ച എൻ.സി.എ വിജ്ഞാപനങ്ങൾ പ്രകാരം ലാറ്റിൻ കാത്തലിക്/ ആംഗ്ലോ ഇന്ത്യൻ സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ആവശ്യാനുസരണം ലഭിക്കാത്തതിനാൽ പ്രസിദ്ധീകരിക്കുന്ന അഞ്ചാം എൻ.സി.എ വിജ്ഞാപനമാണിത്.

5 **നിയമന രീതി** : നേരിട്ടുള്ള നിയമനം.(**ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇന്ത്യൻ** വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:- ലാറ്റിൻ കാത്തലിക് /ആംഗ്ലോ ഇന്ത്യൻ** സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ട് വ്യക്തിഗത അറിയിപ്പ് നൽകുന്നതല്ല.

6 **പ്രായപരിധി** : 18-45; ഉദ്യോഗാർത്ഥികൾ 02.01.1977 - നും 01.01.2004- നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) (പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) ഉൾപ്പെടെ)

**കുറിപ്പ്:-** വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക; (ഖണ്ഡിക 2(i) ഒഴികെ)

7 **യോഗ്യതകൾ** :

1 മോഡേൺ മെഡിസിനിലുള്ള ബിരുദം(എം.ബി.ബി.എസ്) അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2 ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിൽ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം/ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത

അല്ലെങ്കിൽ

ബന്ധപ്പെട്ട സ്പെഷ്യാലിറ്റിയിൽ ഡി.എൻ.ബി. യോഗ്യത.

3 ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ സാധുതയുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ് I :-** മറ്റെല്ലാ യോഗ്യതകളും തുല്യമാണെങ്കിൽ നേരിട്ടുള്ള നിയമനത്തിന് ബിരുദാനന്തര ബിരുദം അല്ലെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി ഉള്ള ഉദ്യോഗാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമയുള്ളവരെക്കാൾ മുൻഗണന നൽകുന്നതാണ്.

**കുറിപ്പ് II:-** **1.** ഈ വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ബിരുദം/പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ/ ബിരുദാനന്തര ബിരുദം/ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി എന്നിവ അംഗീകൃത യൂണിവേഴ്സിറ്റിയോ തത്തുല്യ സ്ഥാപനമോ നൽകിയതോ അംഗീകരിച്ചതോ ആയിരിക്കണം. മെഡിക്കൽ ബിരുദാനന്തര ബിരുദം/ഡിപ്ലോമ, തത്തുല്യ യോഗ്യതകൾ എന്നിവ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ഉള്ളവയും ഡി.എൻ.ബി. യോഗ്യത നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നൽകിയതും ആയിരിക്കണം. നോൺ മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ എന്നിവ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ നൽകിയതായിരിക്കണം.

**2.** തത്തുല്യ യോഗ്യതകൾ എന്നത് (ഡി.എൻ.ബി ഒഴികെയുള്ളവ) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തത്തുല്യമെന്ന് അംഗീകരിച്ചതായിരിക്കണം.

**കുറിപ്പ് (a)** KS &SSR Part II Rule 10(a)(ii) ബാധകമാണ്.

**കുറിപ്പ് (b)** വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന തത്തുല്യത സർട്ടിഫിക്കറ്റ് /സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ .

**കുറിപ്പ് (c)** ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ബന്ധപ്പെട്ട ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

8 **അപേക്ഷകൾ അയക്കേണ്ട രീതി**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് log in ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ **31/12/2012**-ന് ശേഷം എടുത്തതായിരിക്കണം. **01.01.2022 മുതൽ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്.** ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ `My applications' എന്ന Link-ൽ**

**click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുന്ന പക്ഷം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം(Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാ തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാക്കുന്നതാണ്.നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാക്കുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നല്കുന്നതാണ്.

**സി)** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷയ്ക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ **KPSC Rules of Procedure Rule 22** പ്രകാരം ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.

**ഡി)** ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9** അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി : **02.11.2022** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ

**10** അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം: www.keralapsc.gov.in

(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ